**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3335** **04-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് വിതരണം ചെയ്തുവരുന്ന സൗജന്യ ഭക്ഷ്യ കിറ്റുകൾ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടോ; | (എ) | കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള എല്ലാ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കും കോവിഡ് കാലത്തെ സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയിട്ടുണ്ട്. ആയതു പ്രകാരം കോവിഡ് ആദ്യഘട്ട വ്യാപനത്തിന്റെ (2020) പശ്ചാത്തലത്തിൽ 78,910 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും, കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെട്ട തീരദേശ മേഖലയിലെ 10,573 കുടുംബങ്ങൾക്കും രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ (2021) 1,12,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഇതുവരെ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 57,833 ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരുന്നു. |
| (ബി) | ചില കുടുംബങ്ങൾക്ക് ഇത് ലഭിക്കാതെ വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യകിറ്റ് വിതരണം നടന്നു വരുന്നത്. |
| (സി) | ഈ ആനുകൂല്യം റേഷൻ കാർഡിനെ അടിസ്ഥാനമാക്കിയാണോ നൽകി വരുന്നത്; അല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | (സി) | ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കിറ്റുകൾ വിതരണം ചെയ്തു വരുന്നത്. |
| (ഡി) | ഒരു വീട്ടിൽ തന്നെ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കാതെ | (ഡി) | ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുകയും പ്രത്യേകം റേഷൻ കാർഡ് ഉള്ളതുമായ എല്ലാ കുടുംബങ്ങൾക്കും ഫിഷറീസ് |

| | | | |
|---|---|---|---|
| | പോകുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ? | | നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കിറ്റ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ